LIBRARY ARCHIVES Kerala Legislative Assembly

മണലൂർ മണ്ഡലത്തിലെ മിനിവ്യവസായ എസ്റ്റേറ്റുകൾ

132(5291) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിൽ - ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള ഓരോ മിനിവ്യവസായ എസ്റ്റേറ്റിന്റെയും വിസ്തീർണ്ണം എത്രയാണെന്നറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ-ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനിവ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വിസ്തീർണ്ണം ഒരേക്കർ ആണ്.

(സി) ഓരോ മിനിവ്യവസായ എസ്റ്റേറ്റിലുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ മിനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പേര് ചുവടെ ചേർക്കുന്നു.

1. കെ.പി.കെ എഞ്ചിനീയറിംഗ് വർക്സ്
2. കാരാട്ടിയിൽ സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ്
3. സി.വി.സൺസ്
4. എവർഷൈൻ പൗഡർ കോട്ടിംഗ്
5. പീജെ റബ്ബർ പ്രോഡക്ട്സ്
6. ബെസ്റ്റ് എഞ്ചിനീയറിംഗ് വർക്സ്
7. പുണർതം പ്ലാസ്റ്റിക്സ്
8. ജോളി മെറ്റൽസ്
9. ടയർ ടെഡ്സ്
10. തൃശ്ശൂർ മോഡേൺ ഹോം പ്ലസ് പ്രൈവറ്റ് ലിമിറ്റഡ്
11. വിവിധ് പ്ലാസ്റ്റിക്സ്
12. ഇന്റലിജന്റ് ഡിസൈൻ
13. ബെഞ്ചി ഇൻഡസ്ട്രീസ്
14. റാഡോ ഇൻഡസ്ട്രീസ്
15. സെന്റ് ജോസഫ് ഇൻഡസ്ട്രീസ്

(ഡി) മിനിവ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

മിനി വ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭം തുടങ്ങുന്നവർക്ക് സംരംഭത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ പരിശീലനവും സംരംഭക സഹായ പദ്ധതി മുഖാന്തരമുള്ള സാമ്പത്തിക ആനുകൂല്യങ്ങളും വിവിധ ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനും മാർക്കറ്റിംഗിനുള്ള സഹായവും വകുപ്പ് നൽകിവരുന്നു.

വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ

133(5292) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന, കേരള സർക്കാരിന്റെ ഏറ്റവും പ്രമുഖമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.). ഒരു സംരംഭത്തിന്റെ വിജയത്തിന് അത്യാവശ്യമായ നാല് പ്രധാന ഘടകങ്ങളാണ് ഉത്തേജനം നൽകൽ, പിന്തുണ നൽകൽ, പരിപോഷിപ്പിക്കൽ, സാമ്പത്തിക സഹായം നൽകൽ എന്നിവ. ഇപ്പറഞ്ഞ നാല് പ്രധാന ഘടകങ്ങളുമായി ബന്ധപ്പെട്ട് വിവിധങ്ങളായ സേവനങ്ങളാണ് കെഎസ്.ഐ.ഡി.സി നൽകിവരുന്നത്. ആകർഷകമായ വായ്പകൾ, വ്യവസായ പാർക്കുകളിലൂടെയുള്ള അടിസ്ഥാന സൗകര്യവികസനം, ഇൻകുബേഷൻ സൗകര്യം, വ്യവസായ അനുമതികൾ ലഭ്യമാക്കൽ, മാർഗ്ഗദർശനം നൽകൽ, മാർക്കറ്റിംഗ് സഹായം എന്നിവ ഇത്തരത്തിലുള്ള സഹായങ്ങളിൽ ചിലതാണ്. നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാരിന്റെ പദ്ധതികൾക്കനുസരിച്ച് കെ.എസ്.ഐ.ഡി.സി. ആകർഷകമായ വായ്പകൾ നൽകിവരുന്നുണ്ട്. വായ്പാപരിധി 35 കോടി രൂപയിൽനിന്നും 100 കോടി രൂപയാക്കുന്നതിന് കെ.എസ്.ഐ.ഡി.സി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വ്യവസായ സംരംഭത്തിനാവശ്യമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly